Unlawful encroachment of Kuthagapattam lands in the Kadapra Village Tiruvalla Taluk

Mr. Speaker : I have received another notice under Rule 61 from Shri P. Chacko regarding the situation arising out of the unlawful encroachment of Kuthagapattom poramboke lands, which was under valuable cul ivation like sugarcane etc. in the Kadapra village of the Tiruvella taluk on the banks of River pampa.

I am sending it to the concerned Minister for necessary action.

Difficulties of Toddy Tappers, Trichur Taluk

Mr. Speaker : A reply is due from the Minister for Transport and Labour to an earlier notice by Shri Achutha Menon's Rule 61 statement.

ശ്രീ. കെ.ടി. അച്യുതൻ : സ്പീക്കർ : സർ, തൃശ്ശൂർതാലൂക്കിലെ കള്ള ഷാപ്പു ലേലം സംബന്ധിച്ച പ്രവത്തനങ്ങൾ മുന്നോട്ട പോകുന്നില്ല, അവിടത്തെ ചെത്തു തൊഴിലാളികൾക്ക തൊഴിലില്ലായ്മയുടെ ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നാണു് ശ്രീ സി. അച്യുതമേനോൻ ഇവിടെ പറഞ്ഞതു്. അതു ശരിയാണു്. തൃശ്ശൂർ താലൂക്കിലെ കള്ളഷാപ്പുലേലം, വരുന്നകൊല്ലത്തേക്കുള്ളതു് ഇതുവരെ നടപടി പൂത്തിയായിട്ടില്ല. ഒന്നരണ്ടു കൊല്ലമായി ഒന്നരണ്ടുപേരുടെ കുമതലയിൽ ഷാപ്പുകൾ നടത്തിവരികയായിരുന്നു. കഴിഞ്ഞ ഫെബ്രുവരി 28–ാം തീയതി ഷാപ്പു ലേലംചെയ്യാൻ നിശ്ചയിച്ചിരുന്നു. അന്നത്തെ ലേലത്തിൽ, നിലവിലുള്ള തുകയേക്കാൾ കുറഞ്ഞ തുകയ്ക്കു വിളികേൾക്കാനെ ആളുകൾ ഉണ്ടായിരുന്നുള്ളൂ. അതുനിമിത്തം ലേലം നിറുത്തിവച്ചു. അതിനുശേഷം, പരസ്യംചെയ്തും മറ്റും മാർച്ചു 9–ാംതീയതി ലേലം നടത്തുന്നതിനു തീരുമാനിച്ചു. അന്നു കൂടുതൽ തുകയ്ക്കു ലേലം വിളികേൾക്കാൻ ആളുണ്ടായിരുന്നു. അങ്ങനെ ലേലം നടത്തുകയുംചെയ്തു. തൃശ്ശൂർ താലൂക്കിലെ ഒരു പ്രധാനപ്പെട്ടൊരു അന്തിക്കാട്ടെ ഷാപ്പുലേലം മാത്രമേ ഇനി ബാക്കിയുള്ളൂ. അതു് കഴിയുന്നതും വേഗം നടത്തുന്നതാണു്.

സർ, ഇങ്ങനെ ലേലംവിളികേട്ട ആളിനു് ഷാപ്പുനടത്തിക്കൊണ്ടുപോകാൻ വിഷമമുണ്ടു്, വേറെ ആരെയെങ്കിലും ഏല്പിക്കണം എന്നു് അപേക്ഷിച്ചതിനാൽ, അതിന്റെ കുമതല പരിചയമുള്ള മറ്റൊരാളെ ഏല്പിക്കുകയുണ്ടായി. അയാൾ അതിന്റെ പ്രവത്തനം ആരംഭിച്ചിട്ടുണ്ടു്. ആദ്യ ദിവസങ്ങളിലെ വ്യാപാരം സാമാന്യം മെച്ചമായിരുന്നുവെന്നും അറിയുന്നു. ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവിടെ കുഴപ്പം ഉണ്ടാകാൻ ഇടയില്ലെന്നാണു് അറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഇന്നലെ രാത്രിവരെയുള്ള അറിവുവച്ചു പറയുകയാണെങ്കിൽ, പുതുതായി കുമതല ഏറ്റിട്ടുള്ള ആൾ ആദ്യം ശാഠ്യം പിടിച്ചെങ്കിലും ഇപ്പോൾ പ്രവത്തനം ശരിയായി നടത്തുന്നുണ്ടെന്നാണു്, പരിചയമുള്ള ആളായതുകൊണ്ടു ഈ കാര്യത്തിൽ വലിയ ബുദ്ധിമുട്ടു നേരിടുമെന്നതോന്നുന്നില്ല. ചെത്തുകാരെ സംബന്ധിച്ചിടത്തോളം ഏതേതു തൊഴിലാളികളെ ജോലിക്കെടുക്കണമെന്നും ഒരു പട്ടിക തയ്യാറാക്കിയിട്ടുള്ളതായി അറിയുന്നു. അതിൽ ആർക്കും ആക്ഷേപം ഉണ്ടാകാൻ ഇടയില്ല. നിയമാനുസരണം എല്ലാം വ്യവസ്ഥകളും അനുസരിച്ചായിരിക്കും ജോലിക്കാരെ എടുക്കുന്നതു്. അതുസംബന്ധിച്ചു് എന്തെങ്കിലും കുരാ ലംഘിക്കുകയാണെങ്കിൽ ഡിപ്പാർട്ടുമെന്റ് അതിൽ ഇടപെട്ടു കുഴപ്പം പരിഹരിക്കുന്നതായിരിക്കും. അങ്ങനെ വരാൻ ഇടയില്ല. ഇതു സംബന്ധിച്ചു് ആവശ്യമായ നടപടികളും എടുത്തിട്ടുണ്ടു്, ഇപ്പോഴും ചില നടപടികളും സ്വീകരിച്ചുവരുന്നു എന്നു മാത്രമേ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly